# ഉണ്ണിക്കണ്ണാ!

**തൊടുപുഴ കെ. ശങ്കർ**

ഉണ്ണിക്കണ്ണാ നിൻ മായാസ്വരൂപമെൻ
ഉള്ളത്തിൽ മുറ്റി നിറഞ്ഞുനില്പൂ!
ആരെയും രോമാഞ്ചം കൊള്ളിയ്ക്കും രൂപവും
ആ മന്ദഹാസവും ഞാൻ സ്മരിപ്പൂ!

കയ്യിലെ മിന്നും പൊന്നോടക്കുഴലുമാ-
മയ്യിട്ട താമരക്കണ്ണുകളും,
മെയ്യിലെ പീതവസനവും വാരഞ്ചും
മുല്ലപ്പൂ തോല്ക്കുന്ന പല്ലുകളും,

കാലിലെ തങ്കച്ചിലമ്പും, ചലിയ്ക്കുമ്പോൾ
കാതിൽപ്പതിയ്ക്കുമതിന്നൊലിയും,
എങ്ങിനെ വിസ്തരിച്ചിടും, പ്രപഞ്ചത്തി-
ലെങ്ങും നിറഞ്ഞുനിന്നീടും പ്രഭോ!

ഗോകുലമെങ്ങും നീയോടിക്കളിയ്ക്കുന്നു
ഗോവർദ്ധനധാരീ, ഗോരക്ഷകാ,
ഏവർക്കും, നന്ദഗോപർക്കും, യശോധയ്ക്കും
എന്നുമേ വാത്സല്യഭാജനം നീ!

എന്നും ഞാൻ കാണ്മതാ ഭൂമുഖമാകണം
എന്നും ഞാൻ കാണ്മതാ തൃപ്പാദവും!
എന്നും സ്മരിപ്പതുമാ നാമമാകണം
എന്നാളും കേൾപ്പതാ പൂങ്കുഴലും!